# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


**സെൻസസ് സറണ്ടറും യു.ഡി.എഫ് സർക്കാരും**

2010 ലെ സെൻസസ് പ്രവർത്തനങ്ങളുടെ ചുമതല വഹിച്ച ഒന്നരലക്ഷത്തോളം അധ്യാപകർക്ക് അനുവദിച്ചുനൽകിയ സറണ്ടർ ആനുകൂല്യം തിരിച്ചു പിടിക്കുന്ന ഉത്തരവ് വലിയ പ്രതിഷേധത്തിനിടയാക്കിയിരിക്കുകയാണ്.

16 ദിവസത്തെ സറണ്ടർ തിരിച്ചടച്ചാൽ സർക്കാരിന് 300 കോടിയിലധികം രൂപ വരുമാനമുണ്ടാകും എന്നാണ് ധനകാര്യമന്ത്രിയുടെ കണക്കുകൂട്ടൽ. ഹൗസ് ലിസ്റ്റ് തയ്യാറാക്കൽ ഉൾപ്പെടെ ഏറ്റവും പ്രയാസകരമായ ജോലിയാണ് അധ്യാപകർക്ക് ചെയ്യേണ്ടിവന്നത്. പാമ്പുകടിയേറ്റവരും, കാലൊടിഞ്ഞവരും, സാമൂഹ്യവിരുദ്ധരുടെ ആക്രമണത്തിനു വിധേയരായവരുമുൾപ്പെടെ നിരവധി പ്രയാസങ്ങൾ അനുഭവിച്ച അധ്യാപകരുണ്ട്. ഉത്തരവാദിത്തത്തോടെയും കൃത്യതയോടെയും ചുമതല നിർവഹിച്ച അധ്യാപകരെയാണ് യു.ഡി.എഫ് സർക്കാർ മുൻകാല പ്രാബല്യത്തോടെ ശിക്ഷിച്ചിരിക്കുന്നത്.

എന്യൂമറേഷൻ/സെൻസസ് ഉൾപ്പെടെയുള്ള ഏതു ജോലികൾക്കും മധ്യവേനലവധിക്കാലത്ത് സറണ്ടർ ആനുകൂല്യം നൽകുന്ന ഉത്തരവാണ് 2010 ജൂൺ 30 ന് എൽ.ഡി.എഫ് സർക്കാർ പുറപ്പെടുവിച്ചത്. മധ്യവേനലവധിയില്ലാത്ത ജീവനക്കാരുടെ മേഖലയിൽ ഒരുമാസത്തെ സറണ്ടർ നിലവിലുള്ളതിനാൽ ജീവനക്കാരുടെ ഡ്യൂട്ടിലീവ് പരിമിതപ്പെടുത്തിയിരുന്നു. ഈ ഉത്തരവ് അധ്യാപകർക്ക് ബാധകമല്ലെന്ന് കൃത്യമായ നിർദ്ദേശം സെൻസസ് ഡയറക്ടർ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് 4 ബ്ലോക്കുകൾവരെ ചുമതലയുണ്ടായിരുന്ന അധ്യാപകർക്ക് 49 ദിവസത്തെ ഡ്യൂട്ടിലീവ് അനുവദിച്ചത്. ധനകാര്യവകുപ്പ് ഓഡിറ്റ് തടസ്സം ഉന്നയിച്ചപ്പോൾതന്നെ ധനകാര്യ മന്ത്രിയോട് ഇക്കാര്യങ്ങൾ നേരിട്ട് കണ്ട് ചർച്ചചെയ്തിരുന്നതാണ്. അധ്യാപകർക്ക് വെക്കേഷൻകാലത്ത് സറണ്ടർ ആനുകൂല്യം നൽകാൻ കഴിയില്ലെന്ന നിലപാടാണ് മന്ത്രി സ്വീകരിച്ചത്. ക്യാബിനറ്റ് തീരുമാനത്തിന്റെ ഭാഗമായിട്ടാണ് സറണ്ടർ ആനുകൂല്യം തിരിച്ചുപിടിച്ചത്. എസ്.എസ്.എൽ.സി-ഹയർസെക്കന്ററി പരീക്ഷാ ജോലികൾ ചെയ്യുന്നതിനിടയിൽ അധ്യാപകർ ഏറ്റെടുക്കേണ്ടിവന്ന സെൻസസ് ജോലികളെ അംഗീകരിക്കാൻ യു.ഡി.എഫ് സർക്കാർ തയ്യാറായില്ല. സറണ്ടർ ആനുകൂല്യംതന്നെ നിർത്തലാക്കാനുള്ള നീക്കത്തിന്റെ ഭാഗമാണിത്. 2011 ൽ ഇൻകംടാക്സ് അടച്ചതുകയാണ് ഇപ്പോൾ തിരിച്ചുപിടിക്കുന്നത്. അധ്യാപക സമൂഹത്തിന്റെ ആത്മാഭിമാനത്തെ വ്യണപ്പെടുത്തുകയും പ്രതിഷേധത്തിന്റെയും, അസ്വസ്തതയുടെയും അന്തരീക്ഷം കുട്ടികളുടെ പരീക്ഷ നടക്കുന്ന ഘട്ടത്തിൽ ഉണ്ടാക്കുകയും ചെയ്ത സർക്കാർ നടപടി മാപ്പർഹിക്കുന്നില്ല.

**പൊതുപരീക്ഷകൾക്ക് സംഭവിക്കുന്നത്**

യു.പി, ഹൈസ്കൂൾ ക്ലാസുകളിലെ വാർഷിക പരീക്ഷകൾ നടക്കുന്നതിനിടയിലാണ് ഹയർസെക്കന്ററി പരീക്ഷകൾ തുടങ്ങിയത്. 9-ാം ക്ലാസുവരെയുള്ള ക്ലാസുകളിൽ പരീക്ഷ നടത്തേണ്ടവരെ കൂട്ടത്തോടെ ഹയർസെക്കന്ററിയുടെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചു. പ്രശ്നം ശ്രദ്ധയിൽപ്പെട്ടപ്പോൾ അതാത് സ്കൂളുകളിൽ നിന്നും അധ്യാപകരെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചു പരിഹരിക്കാൻ നിർദ്ദേശം നൽകി. 461 അൺ-എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലും ഇത് ബാധകമാക്കി. ചരിത്രത്തിൽ ആദ്യമായി അൺ-എയ്ഡഡ് സ്കൂൾ അധ്യാപകർക്കും സ്വന്തം സ്കൂളിൽ ഡ്യൂട്ടി നൽകി. എൻജിനീയറിംഗ് എൻട്രൻസിന് ഗണിതം, ഫിസിക്സ്, കെമിസ്ട്രി എന്നിവയുടെ മാർക്കുകൾ പരിഗണിക്കുന്ന ഹയർസെക്കന്ററി പരീക്ഷയിൽ ക്രമക്കേട് നടത്താനിടയാക്കുന്ന നിർദ്ദേശമാണിത്. പൊതുപരീക്ഷകൾ നടക്കുന്ന സമയത്ത് മറ്റു സ്കൂളുകളിൽ നിന്നും ഡ്യൂട്ടിയ്ക്ക് നിയോഗിച്ചവരല്ലാതെ മറ്റാരും സ്കൂൾ കോമ്പൗണ്ടിൽ പ്രവേശിക്കരുത് എന്നതാണ് നിലനിൽക്കുന്ന വ്യവസ്ഥ. വിദ്യാഭ്യാസ വകുപ്പിന് നിയമന്ത്രണമില്ലാത്ത അൺ-എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചത് തെറ്റാണ്. ഫലത്തിൽ പൊതുപരീക്ഷകളുടെ പ്രാധാന്യവും ഗൗരവവും ഇല്ലാതാക്കി എസ്.എസ്.എൽ.സി പരീക്ഷയുടെ വിശ്വാസ്യത തകർത്ത പഴയകാല അനുഭവം വീണ്ടും ഹയർസെക്കന്ററിയിലൂടെ ആവർത്തിക്കുന്നു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി